## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5191 — 30.06.2014 ൽ മറുപടിയ്ക്ക്

### ഭൂമി നിരപ്പാക്കുന്നതിനും വയൽ നികത്തുന്നതിനുമുള്ള അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന മല ഇടിച്ചു നിരപ്പാക്കലും പാടം നികത്തലും പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനെതിരെ പരിസ്ഥിതി വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; | (എ) ഉണ്ട്. പരിസ്ഥിതി വകുപ്പ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) ചരിഞ്ഞ ഭൂമി നിരപ്പാക്കുന്നതിന് പരിസ്ഥിതി വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തരത്തിലുള്ള പ്രവൃത്തികൾക്കാണ് അനുമതി വേണ്ടത് എന്ന് വിശദമാക്കാമോ;<br><br>(സി) വീടു പണിയുന്നതിനായി ഭൂമി നിരപ്പാക്കുന്നതിനും പരിസ്ഥിതി വകുപ്പിന്റെ അനുമതി ബാധകമാണോ; | (ബി), (സി), (ഡി) ആന്റ് (ഇ) എല്ലാവിധ മണ്ണ് ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി ആവശ്യമാണ്. 5 ഹെക്ടറിൽ കുറഞ്ഞ പ്രദേശങ്ങൾക്ക് സംസ്ഥാന പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയും (SEIAA) 5 ഹെക്ടറും അതിൽ കൂടുതലും ഉള്ള പ്രദേശത്തിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവുമാണ് അനുമതി നല്കുന്നത്. SEIAA യുടെ വെബ്സൈറ്റിൽ |

(ഡി) ഇത്തരം നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നത്;

(ഇ) ഭൂമി നിരപ്പാക്കലിനും വയൽ നികത്തലിനും പരിസ്ഥിതി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അനുമതി നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നതെന്ന് വിശദമാക്കാമോ?

ലഭിക്കുന്ന ഫോറത്തിൽ ആവശ്യമായ രേഖകളും ശുപാർശകളും സഹിതം അപേക്ഷ സമർപ്പിച്ചാൽ അപേക്ഷ പരിശോധിച്ച് വിലയിരുത്തി അനുമതി നല്കുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കുന്നതാണ്. അനധികൃത ഖനന പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ കേസെടുക്കാനുള്ള അധികാരം ജില്ലാ കളക്ടർമാർക്കും പോലീസ് സൂപ്രണ്ടുമാർക്കും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനുമുണ്ട്.

സെക്ഷൻ ഓഫീസർ